"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്— മെൻഷൻ-ഇൻ-ഡെസ്പാച്ച് ഗ്യാലന്ററി പുരസ്ക്കാരജേതാവ് മേജർ ആദിത്യ പ്രകാശ് വി.പി-ക്ക് സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

G.O.(Rt)No.62/2023/SWD തീയതി,തിരുവനന്തപുരം, 07-12-2023

---

പരാമർശം:-
1. 02.06.2017ലെ സ.ഉ.(എം.എസ്) നം.186/2017/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 10.12.2022 ലെ ഇന്ത്യ ഗവൺമെന്റ് ഗസറ്റ് പാർട്ട് 1 സെക്ഷൻ 1
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.10.2023 ലെ ബി6/GA/329040/2023/ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം1 ലെ സർക്കാർ ഉത്തരവ്ിലെ വ്യവസ്ഥകൾ പ്രകാരം വിവിധ ഗ്യാലന്ററി പുരസ്ക്കാര ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

2. മെൻഷന്-ഇൻ-ഡെസ്പാച്ച് ഗ്യാലന്ററി പുരസ്കാരജേതാവ് ആദിത്യ പ്രകാശ് വി.പി സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 3 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പി ക്കുകയുണ്ടായി.

3. മെൻഷന്-ഇൻ-ഡെസ്പാച്ച് ഗ്യാലന്ററി പുരസ്കാരജേതാവ് ആദിത്യ പ്രകാശ് വി.പി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. മേജർ ആദിത്യ പ്രകാശ് വി.പി -യ്ക്ക് മെൻഷൻ-ഇൻ-ഡെസ്പാച്ച് പുരസ്കാരം ലഭിച്ച വിവരം കേന്ദ്രസർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും സൂചന **(1)** ഉത്തരവ് പ്രകാരമുള്ള ക്യാഷ് അവാർഡിന് മേജർ ആദിത്യ പ്രകാശ് വി.പി അർഹനാണ്. പ്രസ്തുത സാഹചര്യത്തിൽ സൂചന (2 ) പ്രകാരം മെൻഷൻ-ഇൻ-ഡെസ്പാച്ച്-ന്

അർ ഹനായ മേജർ ആദിത്യ പ്രകാശ് വി പി, തയ്യിൽ ശ്രീവിലാസ്, നങ്യാർകുളങ്ങര പി.ഒ, ഹരിപ്പാട്, ആലപ്പുഴ-690513-ന് പരാമർശം (1 ) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് തുകയായി **2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

4. ഇതുമായി ബന്ധപ്പെട്ട ചെലവ്, 2023-24 സാമ്പത്തിക വർഷത്തെ 2075-00-104-96 കണക്കിനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED RIYAZ
ADDITIONAL SECRETARY

പകർപ്പ്-
1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. മേജർ ആദിത്യ പ്രകാശ് വി പി, തയ്യിൽ ശ്രീവിലാസ്, നങ്യാർകുളങ്ങര പി.ഒ, ഹരിപ്പാട്, ആലപ്പുഴ-690513-ന്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 07-12-2023 11:23:10